# തളിര്

## സെന്റ് തോമസ്
## ഹയർ സെക്കൻഡറി
## സ്കൂൾ
## മണിക്കടവ്



ജോസഫ് എൻ.എ
(ഹെഡ്മാസ്റ്റർ)



റോബിൻ ജോസഫ് പി
(കൈറ്റ് മാസ്റ്റർ)



ജിന്റി ആൻ ജോസ്
(കൈറ്റ് മിസ്ട്രസ്)



ആൻമേരി സാജൻ
(ചീഫ് എഡിറ്റർ)



അബ്ദുൾ ബാസിദ്
(മാഗസിൻ ഓർഗനൈസർ)

# ബോർഡ് മെമ്പർമാർ



ബെൻ ഫ്രാൻസിസ് അബി



രോഹൻ ജിം



അലൻ തെരേസ



ആഷ്‌വിൻ സി.റ്റി



ഐവി തെരേസ്



# ആശംസ

മണിക്കടവ് സെന്റ് തോമസ്ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സൃഷ്ടികൾ വിതാനിക്കുന്ന 'തളിര്' എന്ന ഡിജറ്റൽ മാഗസിൻ എല്ലാം കൊണ്ടും മെച്ചമായിരിക്കട്ടെ എന്നാശംസിക്കുന്നു.

കുഞ്ഞുമനസ്സുകളിൽ തളിരിടുന്ന ഭാവനയ്ക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നിടുന്നതിനും അത് മറ്റു മനസ്സുകളെ സ്വാധീനിക്കുന്നതിനും പ്രാപ്തമാക്കട്ടെ.ലിറ്റിൽ കൈറ്റ്സിന്റെ ഓരോ മെമ്പർമാർക്കും പ്രോത്സാഹനം നൽകി വിദ്യാർത്ഥികളെ നയിക്കുന്ന റോബിൻ സാറിനും ജിന്റി ടീച്ചറിനും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

ജോസഫ് എൻ എ

(ഹെഡ്മാസ്റ്റർ)

# താളുകളിലൂടെ


എങ്ങുപോയ്.......... 2
വിലപ്പെട്ടസമ്മാനം.......... 3
കടൽ.......... 4
DREAM.......... 5
കമ്പ്യൂട്ടറിന് മുന്നിലിരുന്നോളൂ,
മൊബൈൽ ഉപയോഗിച്ചോളൂ പക്ഷേ.......... 6
ചിത്രരചന.......... 8
പ്രളയം തകർത്ത മതിലുകൾ.......... 9
വായനയും പുതുതലമുറയും.......... 10
മാതൃഭാഷയായ അമ്മ.......... 11
ഉരുകും മെഴുതിരി നാളങ്ങൾ.......... 12
Why Computer Ergonomics is important.......... 13
തത്തമ്മ.......... 14
അനാഥ ബാല്യം.......... 15
ചിത്രരചന.......... 16
അമ്മുവിന്റെ സ്വപ്നമാളിക.......... 17
Stay never give up.......... 18
മഴവില്ല്.......... 19
ജീവിത യാത്ര.......... 20
Reuse,Replinsh,Remember.......... 21
മാരിവില്ല്.......... 22
രണ്ടാം ഭവനമെൻ വിദ്യാലയം.......... 23
ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല പ്രവർത്തനങ്ങൾ....... 24
ഐ.ടി.ക്വിസ്.......... 31
ചിത്രരചന.......... 33



# എങ്ങുപോയ്......

അലീന മരിയ
9 B

കൂട്ടുകാരേ ചൊല്ലൂ കേരളനാടിന്റെ
വശ്യമാം സൗന്ദര്യമെങ്ങുപോയീ
മുലപ്പാലുപോലെ പവിത്രമാം പുഴയിന്ന്
മലിനമായ് വിഷമയമായിടുന്നു.



മറയുന്നു മാമരങ്ങൾ പെരുകുന്നു മാലിന്യം
കാലചക്രം തിരിയും തോറും
ഒഴുകുവാനാകാതെ പുഴ വഴിമുട്ടിടുന്നു
അഴുക്കുചാലായി മരിച്ചീടുന്നു.
എന്നിട്ടുമെന്നിട്ടും ഇനിയും മരിക്കാത്ത
ഭൂമിയെക്കൊല്ലുവാൻ ശ്രമിച്ചീടുന്നു.
പുഴവെള്ളം കുടിവെള്ളം വിൽപ്പനചരക്കാക്കി
വികസന സ്വപ്നങ്ങൾ പൂവിടുന്നു.

# വിലപ്പെട്ട സമ്മാനം...



ആൻമരിയ റോയ്
9 B

മിന്നുവിന്റെ പിറന്നാളായിരുന്നു അന്ന് .എല്ലാ കൂട്ടുകാരും എത്തി മിന്നുവിന് സമ്മാനങ്ങൾ നൽകി.നിമ്മി കൊടുത്തത് ഒരു വാച്ച് .ആരതി കൊടുത്തത് ഒരു പാവയെ.അപ്പു കൊടുത്തത് ഒരു ലെക്സി പേന മാത്രം.അപ്പു ഒരു ദരിദ്രകുടുംബത്തിൽ



കഴിയുന്നവനാണ്.അവൾ അപ്പു നൽകിയ ആ പേന ബാഗിലേക്ക് വലിച്ചെറിഞ്ഞു.പിറ്റേന്ന് സ്കൂളിൽ പരീക്ഷ തുടങ്ങി.അവളുടെ പേനയിലെ മഷി തീർന്നു.ആരും പരീക്ഷാസമയത്ത് പഠനോപകരണങ്ങളും പേനയും പരസ്പരം കൊടുക്കരുതെന്നും വാങ്ങരുതെന്നും ടീച്ചർ പറഞ്ഞിട്ടുണ്ട്.അവൾ ആ സമയം അപ്പു നൽകിയ സമ്മാനം ബാഗിലേക്കെറിഞ്ഞതമോർത്തു.അവൾ പേനകൊണ്ട് എഴുതിത്തുടങ്ങി.സ്കൂൾ വിട്ടപ്പോൾ അവൾ അപ്പുവിനോട് പറഞ്ഞു.എനിക്ക് കിട്ടിയ ഏറ്റവും വിലപ്പെട്ട പിറന്നാൾ സമ്മാനം നീ തന്ന ആ പേനയായിരുന്നു.അപ്പു ചിരിച്ചുകൊണ്ട് മുന്നോട്ട് നടന്നു............



അലക്സ് രാജേഷ്
10 A

# കടൽ

ഒരു കടൽക്കരയിലാണെൻ താമസം
അവിടെയുള്ള ചെറിയൊരു കുടിലിൽ
എൻ ബാല്യമിവിടെ സ്വച്ഛമായിരുന്നു
എങ്കിലും പ്രക്ഷുബ്ദമായ കടലിൻ ഇരമ്പൽ
അലോസരപ്പെടുത്താറുണ്ടപ്പോഴും
കൗമാരത്തിലും ശാന്തമായിരുന്നെൻകുടിൽ
കടലിലെ ശാന്തതപോലെ
അവിടെ തിരമാലകൾക്കൊപ്പം ഞാനെൻ
കൗമാരവും തീർത്തു എങ്കിലും
പലപ്പോഴും പ്രക്ഷുബ്ദമാകുന്നകടൽ എന്നെ ഭയപ്പെടുത്തി
പിന്നെ എപ്പോഴാണെന്നറിയില്ല
എന്റെ കുടിലിൽ കടലിൽ പ്രക്ഷുബ്ദതമാത്രമായി
എന്നും ഞാൻ സ്നേഹിച്ചിരുന്ന ശാന്തമാം കടലും
തിരമാലകളും എനിക്കു നഷ്ടമാകുന്നതു പോലെ
ഒരു നാൾ കടലെൻ കുടിൽ പൊളിക്കാൻ നോക്കി
മഴയിലും തിരമാലകളിലും എന്റെ കുടിൽ ആടിയുലഞ്ഞു
ഒരു വൻ തിരമാലയെൻ കുടിൽ കൊണ്ടുപോയി
എന്റെ മനോഹരമായ കുടിൽ എനിക്ക് നഷ്ടമായി
മറ്റൊരു കുടിലിൽ ഞാനഭയം തേടി
അവിടുത്തെ അപരിചിതത്വം എന്നെ ബാധിച്ചില്ല
എങ്കിലും വലിയൊരു നഷ്ടബോധം എന്നെ ബാധിച്ചിരുന്നു
അതെൻ കടലിനോടുള്ള സ്നേഹമായിരുന്നോ?അതോ
കടലിൻ തീരത്തെ കുടിലാകുന്ന സ്വപ്നമോ?



# DREAM



എയ്ഞ്ചൽ ജെയിംസ്
9 A

Those colourful dreams are my weakness
And unfulfilled are my sorrows
Not it was brought or seized
It was brought or seized
It has the vivid colour of my blood
That which I falls to perform before a crowd,
And acts that were curbed by all
Pat of my soul could perform and act

Victorious flag and trumpets were witnessed by me
I slipped into a dreamful wonderland
Where I saw Adam and Eve
When I addressed them as my parents
They laughed at me vaguely
Though their blood was in my vein
They alleged me as murderer
For their question about destruction of man by man
I have to accuse them for their first sin



# കമ്പ്യൂട്ടറിന് മുമ്പിലിരുന്നോളൂ, മൊബൈൽ ഉപയോഗിച്ചോളൂ, പക്ഷേ......




ഡോണ മേരി ജോൺസ്
10 A

ഇൻഫർമേഷൻ ടെക്നോളജി അനുനിമിഷം വളർന്നു കൊണ്ടിരിക്കുകയാണ്. ഒട്ടേറെ പുതിയ സേവന–വേതന തൊഴിൽ മേഖലകളിൽ അത് സ്വാധീനം ചെലുത്തിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യന് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ പോലെ അടിസ്ഥാന ആവശ്യമായി മാറിക്കൊണ്ടിരിക്കുകയാണ് ഇന്റർനെറ്റും മൊബൈൽ ഫോണും.

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായമില്ലാതെ ജീവിത സൗകര്യങ്ങളോ സർക്കാർ സേവനങ്ങളോ ഉപയോഗപ്പെടുത്താൻ സാധ്യമല്ലാത്ത അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഐടിയുടെ സ്വാധീനം വ്യക്തമാണ്. ആശയവിനിമയം, ഭരണ നിർവഹണം, വിനോദം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിലെല്ലാം ഒഴിവാക്കാനാവാത്ത സാങ്കേതികവിദ്യയായി പ്രയോജനപ്പെടുത്തുന്ന ഐടി ഇന്ന് ഒരു ജീവിത നൈപുണിയായി മാറിയിരിക്കുന്നു. ഫോണില്ലാതെ ജീവിക്കുന്നതിനെ പറ്റി ഇപ്പോൾ ആലോചിക്കാൻ പോലും പറ്റാത്ത അവസ്ഥയാണ്. അത്രയേറെ അവശ്യ വസ്തുവായി മാറിയിരിക്കുന്നു മൊബൈൽ ഫോൺ. എന്നാൽ ഇതിന്റെ ദോഷവശങ്ങളും തീരെ ചെറുതല്ല. ഇതുമൂലം പല ആരോഗ്യ പ്രശ്നങ്ങളും മാനസിക പ്രശ്നങ്ങളും നമ്മളിൽ വന്നു ചേരുന്നു.

കമ്പ്യൂട്ടറിനു മുന്നിൽ ജീവിതത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്ന ആളുകളുടെ എണ്ണം കൂടി വരികയാണ്. ഇടത്തരക്കാരായ മാതാപിതാക്കൾ വരെ തങ്ങളുടെ മക്കൾക്ക് കമ്പ്യൂട്ടർ/ സ്മാർട്ട് ഫോൺ വാങ്ങി നൽകുന്നു. ഫോണും ഇന്റർനെറ്റും കൗമാരക്കാരുടെ/വിദ്യാർഥികളുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. 'ഓഫ്ലൈൻ' സൌഹൃദങ്ങളേക്കാൾ ഓൺലൈൻ സൌഹൃദങ്ങൾക്ക് പ്രാധാന്യം നൽകുന്ന കാലമാണ് ഇന്നത്തേത്.



കുട്ടികളിൽ ഇന്റർനെറ്റ് ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ഐടി മിഷൻ നടത്തിയ ഒരു പഠന റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് കേരളീയരാണ്. കേരളത്തിൽ മൂന്ന് കോടിയിലധികം ഇന്റർനെറ്റ് വരിക്കാരുണ്ടെന്നാണ് ഏകദേശ കണക്ക്. മൊബൈൽ ഫോൺ കണക്ഷനുകൾ കേരളത്തിൽ നാല് കോടിയിലധികമാണ്. പഠനാവശ്യങ്ങൾക്കും റഫറൻസിനുമായി കുട്ടികൾ കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗപ്പെടുത്തുന്നു. എന്നാൽ മാറിയ കുടുംബവ്യവസ്ഥയിൽ വീർപ്പുമുട്ടലിൽ നിന്നും ഒറ്റപ്പെടലിൽനിന്നും ആശ്വാസം തേടുന്ന കുരുന്നുകൾ ക്രമേണ ഇന്റർനെറ്റിലെ ചതിച്ചുഴികളിലും വെർച്വൽ സൗഹൃദങ്ങളിലും അകപ്പെടുകയും ചെയ്യുന്നുണ്ട്.


കേരളത്തിൽ ഓൺലൈൻ അഡിക്ഷൻ ഒരു മാനസികാരോഗ്യ പ്രശ്നമായി പരിഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സാമൂഹിക പെരുമാറ്റത്തിന് വേണ്ട നിയന്ത്രണങ്ങൾ, വിലക്കുകൾ എന്നിവയൊന്നും പാലിക്കപ്പെടാതെ എന്തും ചെയ്യുന്ന അവസ്ഥയിലേക്ക് വ്യക്തി നയിക്കപ്പെടുന്ന 'ഓൺലൈൻ ഡിസ് ഇൻഹിബിഷൻ' എന്ന മാനസികാവസ്ഥ ഒരു വൈകല്യമായി അനേകം പേരെയാണ് ബാധിച്ചു കൊണ്ടിരിക്കുന്നത്.
ഇന്ത്യയിലെ മെട്രോപൊളിറ്റൻ സിറ്റികളിൽ നടത്തിയ ഒരു സർവെ പ്രകാരം എട്ടിനും പതിനൊന്നിനും ഇടയിൽ പ്രായമുള്ള അൻപത്തിരണ്ടു ശതമാനം കുട്ടികളും ദിനം പ്രതി അഞ്ചു മണിക്കൂറിൽ കൂടുതൽ സമയം ഇന്റർനെറ്റ് ഉപയോഗിക്കുന്നു എന്നാണ് റിപ്പോർട്ട്. കൂടാതെ പ്രശസ്ത ആന്റി വൈറസ് കമ്പനിയായ 'മെക് അഫീ' ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ നടത്തിയ ഏറ്റവും പുതിയ സർവേയുടെ കണക്കു പ്രകാരം, കുട്ടികൾ പതിമൂന്ന് വയസ്സാകുമ്പോഴേക്കും ഫേസ്ബുക്കിൽ അക്കൗണ്ട് തുടങ്ങുന്നുവെന്നും ദിവസവും ഫേസ്ബുക്ക് ഉപയോഗിക്കുന്നു എന്നുമാണ് പറയുന്നത്. ഇന്റർനെറ്റ് ഉപയോഗിക്കുന്ന കൗമാരക്കാരിൽ നാൽപ്പത്തിയേഴ് ശതമാനം പേർ പരീക്ഷകൾക്കും മറ്റുമായി ഓൺലൈൻ വഴി വിവരം ശേഖരിക്കുമ്പോൾ ഇന്റർനെറ്റ് ദുരുപയോഗം ചെയ്യുന്ന കൗമാരക്കാരായ കുട്ടികളുടെ എണ്ണം അനുദിനം കൂടി വരികയാണെന്ന് സർവെ വ്യക്തമാക്കുന്നു.

ദിവസത്തിൽ ആറുമണിക്കൂറിലധികം ഇന്റർനെറ്റ് ഉപയോഗിക്കുന്ന കുട്ടികളിൽ വിഷാദരോഗം, അമിത ഉത്കണ്ഠ, സംശയരോഗം, അമിത ദേഷ്യം, ആക്രമണ സ്വഭാവം, സൈക്കോസിസ് എന്നിവയ്ക്കുള്ള സാധ്യത കൂടുതലാണെന്നാണ് പല ഡോക്ടർമാരും പറയുന്നത്. ഇത്തരക്കാരിൽ ആത്മവിശ്വാസക്കുറവും അമിതമായ പരാജയഭീതിയും നിമിത്തം സാമൂഹികബന്ധങ്ങളിൽ നിന്ന് ഒളിച്ചോടുകയും മാനസികാശ്വാസവും പിന്തുണയും ലഭിക്കാൻ സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിൽ കൂടുതൽ വ്യാപരിക്കുകയും ചെയ്യുന്നു.

# ചിത്രരചന



ആഷ്‌വിൻ സി.റ്റി
9 A



# പ്രളയം തകർത്ത മതിലുകൾ



ടിന്റു ജേക്കബ്
8 F

ഒരു മഴത്തുള്ളി വന്ന് വീണു
ഒരു സമൂഹം ഒരൊറ്റക്കെട്ടായി നിന്നുവല്ലൊ....
മതിലുകൾ തകർത്ത് ആകാശത്തിനതിരുകൾ കടന്ന്
കേരളമൊന്നിച്ചൊരൊറ്റ കെട്ടായി നിന്നുവല്ലൊ!



മതം നോക്കാതെ മനമൊന്നായി
നിറം നോക്കാതെ നമ്മളൊന്നായി
പ്രാണവാഹിനി ദംശിച്ചിട്ട ഒരുപിടി
പാവമാം മനുഷ്യജനങ്ങളെ
പറയാതെ വന്നൊരാ കടലിന്റെ മക്കൾ
പതറാതെ രക്ഷിച്ചുവല്ലൊ

ഒരു രാവു പുലരുമ്പോൾ
ഭൂമിയും പുഴയായി
ചിതറുന്ന മർത്യൻ അങ്ങുമിങ്ങും
കുത്തിയൊഴുകുന്ന മഴവെള്ളപാച്ചിലിൽ
ഉയരുന്നു മർത്യന്റെ നിലവിളിയും.....
പ്രളയത്തിലൊലിച്ചുപോയ
പാഠപുസ്തകങ്ങളെ ഓർത്ത് കരയേണ്ടതില്ല
തന്നിലെ ദൈവം താളുകൾക്കപ്പുറത്തുള്ള
ജീവിതപാഠം.



അന്നത്തിൻ വിലയറിയാതെ പാഴാക്കിയവർ
വിശന്ന് കിടന്നു കരഞ്ഞിടുന്നു.
ക്രൂരമായ് നീയന്നവനോട് ചെയ്തതൊക്കെയും മറന്ന്
സ്നേഹമായ് തന്നിലെ അന്നവും വസ്ത്രവും

ഇനി അതിജീവനത്തിന്റെ നാളുകൾ
കണ്ണീരിൽ നിന്നും കരുത്തായി നമ്മൾ
സന്തോഷങ്ങളോടെ പണിതുയർത്തും
സ്നേഹ മതിലുകളെന്നും പണിതുയർത്തും.

# വായനയും പുതുതലമുറയും

"വായിച്ചാൽ വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും."

–കുഞ്ഞുണ്ണിമാഷ്

ഈ കാലത്ത് വായനയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും. ഇന്ന് വായന മരിച്ചു പോകുന്നുവെന്ന് ചിലർ പറയുന്നു. പക്ഷേ നാം അതിനോട് യോജിക്കുന്നില്ല. ഒരിക്കലും യോജിക്കാൻ പാടില്ല. വായന ഒരിക്കലും മരിക്കില്ല. ഉത്തമമായ ഗ്രന്ഥങ്ങൾക്ക് ശ്രേഷ്ഠരായ ഗുരുവിന്റെ സ്ഥാനമാണ്. വിജ്ഞാനത്തിന്റെ കലവറയാണ് ഗ്രന്ഥങ്ങൾ.പഴയ തലമുറകൾ കൈവരിച്ച് സമ്പാദിച്ച നേട്ടങ്ങൾ പുസ്തകങ്ങൾ വഴി നമുക്ക് പകർന്നു തരുന്നു.

"വായന മനുഷ്യനെ പൂർണനാക്കുന്നു." ചിന്തകനായ ഫ്രാൻസീസ് ബേക്കന്റെ അഭിപ്രായമാണിത്. തുടർ വിദ്യാഭ്യാസത്തിനുള്ള ഏക മാർഗമാണ് വായന. വായന ഉണ്ടെങ്കിൽ നമുക്ക് ഉന്നത സ്ഥാനങ്ങളിലെത്താം.

'വിദ്യധനം സർവ്വധനാൽ പ്രദാനം.' നമുക്ക് ഏതു തരത്തിലും ഉപയോഗം ചെയ്യുന്നത് വായനയാണ്. പുസ്തകങ്ങൾ നമുക്ക് കൂടുതൽ അറിവു നൽകുന്നു.

പുസ്തക പാരായണം നല്ലൊരു വിനോദമാണ്. വായന രാഷ്ട്ര പുരോഗതിയെ കൂടുതൽ ഉത്തേജിപ്പിക്കുന്നു. ഇന്ത്യയിലെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ് ഇന്ദിരാഗാന്ധി. ഭരണകാര്യങ്ങൾ കഴിഞ്ഞ് രാത്രി രണ്ടു മണി വരെ വായിക്കാനായി മാറ്റി വയ്ക്കുന്നു. ജൂലിയസ് സീസറിനെക്കുറിച്ച് നമ്മളെല്ലാവരും കേട്ടിരിക്കും. യുദ്ധത്തിലേർപ്പെടുമ്പോഴും വായന മുടക്കാത്ത മഹാനായിരുന്നു അദ്ദേഹം.

ഒരു നാണയത്തിന് ഇരുവശമുണ്ടെന്നപോലെ പുസ്തകങ്ങൾക്കും നല്ലതും ചീത്തയുമായ വശങ്ങളുണ്ട്. ഔപചാരികമായ വിദ്യാഭ്യാസം കഴിയുന്നത് കൊണ്ടൊന്നും വിദ്യ അവസാനിക്കുന്നില്ല. അവ നേടിക്കൊണ്ടേയിരിക്കണം. അതിന് വായന നമ്മെ സഹായിക്കും. ഏകാന്തതയിലെ ഉറ്റ സുഹൃത്തുകളാണ് പുസ്തകങ്ങൾ. സന്തോഷത്തിലും സങ്കടത്തിലും ആനന്ദിപ്പിക്കാനും ആശ്വസിപ്പിക്കാനും പുസ്തകങ്ങൾക്ക് കഴിയും. പല വ്യക്തികളുടെയും ജീവിതാനുഭവങ്ങൾ നമുക്ക് പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. എക്കാലത്തും മനുഷ്യനെ പുതിയ നേട്ടങ്ങൾ കൈവരിക്കാൻ സഹായിച്ചിട്ടുള്ളത് പുസ്തകങ്ങളാണ്. അതിനാൽ വായന ഒരു ശീലമാക്കി മാറ്റാം. അതിനായി നമുക്ക് പ്രയത്നിക്കാം.

ഐശ്വര്യ ജോർജ്
9 A

# മാതൃഭാഷയായ
# അമ്മ



ജോസ്ബിയ സണ്ണി
9 C

ഓരോ കുഞ്ഞും പിറന്നു
വീഴുന്നത് മലയാള ഭാഷ
തൻ മാതൃത്വമറിഞ്ഞുകൊണ്ടാണ്
കുഞ്ഞിൻ കാൽപ്പാടു
പതിഞ്ഞ മണ്ണ്




ആ മണ്ണ് ആ കുഞ്ഞിനു  അമ്മ
ആ മണ്ണ് ആ കുഞ്ഞിനു നന്മ
നന്മ നിറയുമീ നല്ല മലയാളം
അത് മാതൃഭാഷ
അമ്മയും നന്മയുമായി മാറിയ
മാതൃഭാഷതൻ മുലപ്പാൽ ചുരന്നും
വളർന്നൊരീ പുത്രനോ
മലയാള ഭാഷതൻ കൺമണി.

# ഉരുകും മെഴുതിരി നാളങ്ങൾ...



ഐവ് തെരേസ്
9 A

" മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേൽ അമ്മിഞ്ഞ പാലോടൊപ്പം
അമ്മയെന്ന രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ് "

അമ്മ എന്ന രണ്ടക്ഷരങ്ങളിൽ തെളിഞ്ഞുനിൽക്കുന്നത് മാതൃസ്നേഹത്തിൻെ മഹത്തായ മാതൃകയാണ്.രാവിലെ നാം ഉണരുന്നതിനു മുൻപ് ഉണർന്ന് കരിഞ്ഞ ഇലകൾക്കും ചെടികൾക്കും ദാഹജലമേകുന്ന ഒരു തിരുഹൃദയമാണ് അമ്മ. നമ്മുടെ സ്നേഹത്തിനും ആത്മാർത്ഥതയ്ക്കും പകരം മറ്റൊന്നുമാഗ്രഹിക്കാത്ത നല്ല ഒരു വ്യക്തിത്വമാണ് അമ്മ. ഇന്നും എന്നും നമുക്ക് ജീവിച്ചിരിക്കുന്ന കാണപ്പെട്ട ദൈവമാണ് അമ്മ. നമ്മെ പത്തുമാസം ചുമന്ന് നൊന്തു പ്രസവിച്ച് വേദനകൾ എല്ലാം സഹിച്ച് നമ്മളോട് പകരമായി ഒന്നും ആഗ്രഹിക്കാത്ത നമ്മളുടെ നന്മക്കായി ജീവിക്കുന്ന ഒരു സ്നേഹനിറകുടമാണ് അമ്മ.അമ്മ എന്ന രണ്ടക്ഷരങ്ങളിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞിരിക്കുന്നു. സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിൻെയും ഉത്തമ ഉദാഹരണമാണ് അമ്മ. ജീവിതത്തിന്റെ വഴിയിൽ എന്നും പ്രകാശമായി തീരുന്ന ഒരു മെഴുകുതിരിയാണ് അമ്മ. ഹൃദയത്തിന്റെ ഉൾത്തടങ്ങളിൽ എന്നും നന്മയും സ്നേഹവുമുള്ള മരിക്കാത്ത ഒരു ഓർമ്മയാണ് അമ്മ.



# WHY COMPUTER ERGONOMICS IS IMPORTANT

When we have to use the computer regularly, we are to be careful about how we use it. These ideas are included in ergonomics for computer users.

computer should be positioned at right angles to windows, to reduce the glare and eye strain while looking at computer monitors.While using the keyboard ,the elbow should be at the sides with the shoulders, relaxed. The keyboard should be pulled closed to the body.

The keyboard support surface should be wide enough to accomodate the keyboard and the mouse. The keyboard height should be generally range between 60 and 80 cms and should be approximately equal to the seated elbow height. The forearms should be roughly parallel to the floor and the elbow bent 90 degrees.

Wrists should be flat on the keyboard. As far as the monitor is concerned, it should be placed in such a manner that if top of the screen is at the eye level or below so that the user slightly looks down at the screen .The chairs should be those which will provide good lumbar support and its height such that the feet rest flat on the floor.

# HOW DOES AN ELECTRONIC TYPEWRITER WORK?

Electric typewriters are increasingly replacing the mechanical typewriters. The first commercial typewriter was produced in 1873 by Christopher Latham Sholes . It was produced by Remington Company of U.S.A . The first electric typewriter was marked in the mid 1930s.An electric typewriter involved less manual labour as compared to the old mechanical machines. The mechanism of this typewriter is more efficient.

Electric typewriters are more sophisticated than mechanical typewriters. Based on microchip control,they are usually very quite to use and their action is faster since they contain less moving parts. They offer more functions specially they have memory that allows user to make corrections. The mistakes can be erased and passages added,removed or repositioned before the matter is typed on the paper.

LIZ JOSEPH
10 A

# തത്തമ്മ

ആനയിറങ്ങും കാട്ടിൽ
ആളുകേറാ മേട്ടിൽ
അവിടുണ്ടൊരു കൂട്
അതിലുണ്ടൊരു സുന്ദരി തത്തമ്മ
പച്ചപ്പട്ടുടുത്ത് ചുണ്ട് ചോപ്പിച്ച്
തത്തമ്മ പാട്ടുപാടുന്നു
തത്തമ്മ പാട്ടുപാടുന്നു...



ചെന്തെങ്ങിൻ കരിക്കിൻ
കുലകളാടുമ്പോൾ
തത്തമ്മ പാട്ടുപാടുന്നു
തത്തമ്മ പാട്ടുപാടുന്നു.
അങ്ങകലെ
കുഞ്ഞിക്കുരുവികൾ
കൂടുണ്ടാക്കുമ്പോൾ
തത്തമ്മ പാട്ടുപാടുന്നു
ആനയിറങ്ങും കാട്ടിൽ
ആളുകേറാ മേട്ടിൽ
അവിടുണ്ടൊരു കൂട്
അതിലുണ്ടൊരു
സുന്ദരിത്തത്തമ്മ.

ശ്രീക്കുട്ടി എം.ബി
9 C

# അനാഥബാല്യം

കർക്കിടകമാസത്തിൽ ഇരുണ്ട രാത്രി തിമർത്ത് പെയ്യുന്ന മഴ. വിളക്കുകളെല്ലാം അണഞ്ഞിരുന്നു.തണുത്ത കാറ്റും മഴയും അരോചകമായി തോന്നി. ചില വാഹനങ്ങളുടെ ഇരമ്പലുകൾ മാത്രം കേൾക്കാം. ഒരു അനാഥബാലനാണ് ബാബു.അവന്റെ അച്ഛനും അമ്മയും ഒരു വാഹനാപകടത്തിൽ മരിച്ചു. തെരുവിന്റെ ഒരു കോണിൽ ഒരു കടത്തിണ്ണയിലാണ് അവൻ കിടക്കുന്നത്. ഇത്രയും നാൾ അവനെ വളർത്തിയത് ആ തെരുവാണ്. അവന്റെ തൊട്ടടുത്ത് അവന്റെ പ്രിയപ്പെട്ട നായ്ക്കുട്ടിയുമുണ്ടായിരുന്നു.

പ്രഭാതമായപ്പോൾ അവൻ ഉണർന്നു. പക്ഷികളുടെ കലപില ശബ്ദം കേൾക്കാം. രാവിലെ സ്കൂളിൽ പോകുന്ന കുട്ടികളെ ബാബു കൗതുകത്തോടെ നോക്കി.അവനും സ്കൂളിൽ പോകാൻ കൊതിതോന്നി. പക്ഷെ....

വിശപ്പു തോന്നിയപ്പോൾ രണ്ടുപേരും ഹോട്ടലിന്റെ പിന്നിലെത്തി. എച്ചിലുകൾക്കിടയിൽ നിന്നും അവർ ഭക്ഷണം കഴിച്ചു. ചില കുട്ടികൾ അവനെ കാണുമ്പോൾ കളിയാക്കും.അവർക്കെന്തറിയാം അവരാരും അനാഥരല്ലല്ലോ.തന്നെ സ്നേഹിക്കാനും ലാളിക്കാനും ആരുമില്ലല്ലോ എന്നോർത്ത് അവൻ പലപ്പോഴും ദുഃഖിക്കാറുണ്ട്.

ഒരു ദിവസം വിശന്നു വലഞ്ഞ ബാബു ഹോട്ടലിന്റെ പിന്നാമ്പുറത്ത് ചെന്നപ്പോൾ അവിടെ തെരുവുനായ്ക്കളുടെ കൂട്ടം തന്നെ ഉണ്ടായിരുന്നു. അടുക്കളക്കാരൻ എറിഞ്ഞ തുണ്ടില കണ്ട് അവൻ ഓടിച്ചെന്ന് ഇല കൈക്കലാക്കി.പിന്നാലെ തെരുവ് നായ്ക്കളും. ആർത്തിപൂണ്ട നായ്ക്കൾ അവന്റെ മേൽ ചാടി വീണു. പട്ടിക്കൂട്ടം അവന്റെ പിഞ്ചുശരീരം കടിച്ചുമുറിച്ചു.വേദനയും ദുഃഖവും കൊണ്ട് അമ്മേ എന്ന് നിലവിളിച്ചു. അപ്പോൾ മഴ തകർത്തു പെയ്യുന്നുണ്ടായിരുന്നു. ആ വേദന മഴയുടെ കടുത്ത ശബ്ദത്തിൽ അലിഞ്ഞില്ലാതായി........




സനുഷ തോമസ്

9 C



നന്ദു മോഹനൻ
9 C

# ചിത്രരചന



# അമ്മുവിന്റെ സ്വപ്നമാളിക

ഒരിടത്തൊരിടത്ത് ഒരു കുട്ടി താമസിച്ചിരുന്നു. ആ കുട്ടിയുടെ പേര് അമ്മു എന്നായിരുന്നു. അമ്മുവിന്റെ കളിക്കൂട്ടുകാർ അധികമുണ്ടായിരുന്നില്ല. അച്ഛനും അമ്മയും മാത്രമാണ് അവൾക്കാകെ ചങ്ങാതിമാരായി ഉണ്ടായിരുന്നത്. അവർക്കാകട്ടെ അമ്മുവിനോടൊത്ത് കളിക്കാൻ നേരവുമില്ല. അമ്മുവിന്റെ സ്വപ്നമാളിക മുഴുവൻ കളിപ്പാട്ടങ്ങളാണ്. മുറിയിൽ കാവലായിരിക്കുന്ന ചില കൂട്ടുകാരുണ്ടവൾക്ക്. ഒളിച്ചും പതുങ്ങിയും കളിപ്പാട്ടങ്ങൾക്കിടയിലൂടെ പാഞ്ഞുനടക്കാറുള്ള ചിന്നാ എന്ന പട്ടിക്കുട്ടിയും ചിന്നി എന്ന പൂച്ചക്കുട്ടിയും. ഇവരൊക്കെയാണ് അമ്മുവിനോടൊപ്പം എപ്പോഴും കാണാറുള്ളത്. ചിലപ്പോൾ അവൾ ചിന്നായെയും ചിന്നിയെയും രണ്ട് ഉണ്ടക്കണ്ണുകൾ കൊണ്ട് സൂക്ഷിച്ച് നോക്കാറുണ്ട് . ചിലപ്പോൾ ചിന്നയോടവൾ പറയും. ചിന്നാ ഞാൻ ഒന്നും ചെയ്യില്ല. ചിലപ്പോഴൊക്കെ അമ്മുവിന്റെ കളിപ്പാട്ടങ്ങൾ ചിന്ന നശിപ്പിക്കാറുണ്ട് . അത് അവൾക്ക് സഹിക്കാനാവില്ല. അങ്ങനെ ഒരു ദിവസം ചിന്ന പാവക്കുട്ടികളെല്ലാം നശിപ്പിച്ചു. അമ്മുവിന് ദേഷ്യം വന്നു. ചിന്ന പേടിച്ചു വിറച്ചുനിന്നു.അമ്മുവിനു തോന്നി ഇവനെ ഒന്നു പേടിപ്പിക്കാം അമ്മു കണ്ണുരുട്ടി കാണിച്ചു. ചിന്ന പേടിച്ചു പോയി. അപ്പോൾ അമ്മു പറഞ്ഞു പേടിക്കേണ്ട ഞാനൊന്നും ചെയ്യില്ല.പിന്നെ അവരെല്ലാം ഒന്നിച്ച് നൃത്തം ചെയ്തു



അക്ഷയ് ജോർജ്
9 C

# STAY NEVER GIVE UP

“ Few things are impossible to deligence and skill. Great works are performed not by strength but by perseverance” – Samuel johnson.

The story of Robert Bruice,the king of Scotland who was defeated by his enemy and took shelter in a cave is known to all. The story is old, but is of great significance.

The sad ,defeated and deserted Robert Bruice was inspired by the act of a spider in that cave.The spider was constantly trying to reach its web but failed.It didn't lose hope. The spider fell sixteen times and reached its destination in its seventeenth attempt.From the act of this tiny creature he gained confidence,fought bravely,recaptured his lost empire. We should not set back by the failures in our life. No failures can sale us unless we permit it to do so.We should have self awareness,knowing oneself, both abilities and disabilities are very essential for success. There is nothing in this world that is impossible. If we have the determination even if we are in the midst of a fire, a strain will germinate for us.




Alen Theresa A.B

9 A

# മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല്
ഏഴ് നിറത്തിൽ മഴവില്ല്
മിന്നിത്തിളങ്ങും മഴവില്ല്
ആരും കണ്ടാൽ കൊതിക്കും മഴവില്ല്
മഴ നിന്നാൽ മാനത്തുടെ
മിന്നിത്തിളങ്ങും മഴവില്ല്

ഏഴ് നിറമായ് നീ എൻ മനസ്സിൽ
നിറങ്ങളിൽ തെളിയുന്നു.
പേമാരി പെയ്ത് തോർന്ന നാളിൽ
ആദ്യമായ് നിന്നെ ഞാൻ കണ്ടു.



സനുഷ തോമസ്
9 C

# ജീവിതയാത്ര

എന്തിനീയൊരു ജന്മം
പാഴ് വേലയായ്
എന്നുചൊല്ലി
കരയുന്നീ ജന്മങ്ങൾ
കഴിവുള്ള ജന്മത്തെ
കാണാതെയാകിലും
കേഴുന്നു വൃഥാ
കഴിവില്ലെന്നുചൊല്ലി

പാരിനെ താങ്ങുവാൻ
കഴിവുള്ള കൈകളെ
നൽകി ഈശ്വരൻ
പാരിൻ ഉടയവൻ
കേഴുന്നു മർത്ത്യനോ
മരണത്തെ പുൽകുവാൻ
വെമ്പൽ പൂണ്ടിടുന്നു
ജീവിതയാത്രയിൽ...




അനീറ്റ മോൾ തോമസ്
9 A

# Reuse

The waste for a purpose !

## Keep the habit of sharing

* Avoid habit of throwing out.
*Gift the unwanted to those who can use it.
*Donate the old books and magazines to library.
*Share DVD's and games with friend rather than buying new.
*Exchange wardrobes with other friends.

# Replenish with the available!

## Don't waste,let others taste!

*Check your refrigerator and pantry before buying to avoid wastage.
*Love the leftovers. last night's leftovers can be today's lunch.
*Roast the pumpkin seeds and toss it over a salad or eat as a snack.
*Compost the fruit and vegetable scraps.
*Store your food smartly.
*Avoid your food stocking.
*Store edibles in an air tight container.

Look deep into nature , and then you will understand Everything better.....!

*Sawing trees can save your health in turn.
*Try keeping your surrondings green.
*Throw your seeds of fruits in a pot to plant them again.
*Volunteer for a day to tree planting your town.

## Bloom where you are planted.

# Remember

non-pollution solutions!

## Learn not to pollute

*Avoid the use of loud speakers.
*Choose no-smoking habits.
*Drive efficient, low-polluting models of vehicles.
*Reduce aviation usage.
*Gases released from factories must also be treated.
*Avoid firewood places in home.
*Put a full stop on littering the ground



Liz Joseph,10 A



# മാരിവില്ല്

അക്ഷയ ശശി
9 C

*വെള്ളത്തിൽ താമര വിടർന്ന്
നിൽക്കും പോലെ എൻ വാനിൽ
വിടർന്ന് നിൽക്കും മാരിവില്ലെ
എത്ര കണ്ടാലും മടുപ്പില്ല
എനിക്കു നിന്നെ
നിൻ വർണങ്ങളിൽ മുഴുകി ഞാൻ
ഇന്നും അന്നും നിൻ
വർണ്ണങ്ങളെന്നെ മയക്കിടുന്നു
വരുവിൻ എന്നടുക്കൽ
നിൻ സപ്ത വർണങ്ങളാൽ...*



# രണ്ടാം ഭവനമെൻ വിദ്യാലയം

രണ്ടാം ഭവനാം വിദ്യാലയത്തിലെ
മാതാപിതാക്കളെൻ അധ്യാപകർ
അന്ധകാരമകറ്റി, എൻ
ജീവിതം പ്രകാശപൂരിതമാക്കി
അവർ

അക്ഷരങ്ങൾ തൻ പുതുലോകം
എനിക്കായ് തുറന്നവരും അവരേ...
മുൻപോട്ടുള്ള പാതകൾ തെളിച്ചതും...
അവരെ...
രണ്ടാം ഭവനമെൻ വിദ്യാലയം

അലീന മാത്യു
9c



# ലിറ്റിൽ കൈറ്റ്സ്
# 2018-19
# സ്കൂൾ തലപ്രവർത്തനങ്ങൾ



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പാകി മുളപ്പിച്ച പ്ലാവിൻ തൈകൾ വിതരണം ചെയ്യുന്നു




ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് നൽകിയ കുട നിർമ്മാണ പരിശീലനത്തിൽ നിന്ന്...

# ലിറ്റിൽ കൈറ്റ്സ്
# 2018-19
# സ്കൂൾ തലപ്രവർത്തനങ്ങൾ




പ്ലസ് വൺ പ്രവേശനത്തിനുള്ള ഏകജാലസംവിധാനം






# ലിറ്റിൽ കൈറ്റ്സ്
## 2018-19
## സ്കൂൾ തലപ്രവർത്തനങ്ങൾ





# ലിറ്റിൽ കൈറ്റ്സ്
# 2018-19
# സ്കൂൾ തലപ്രവർത്തനങ്ങൾ






വിവിധ സോഫ്റ്റ്
വെയറുമായി ബന്ധപ്പെട്ട ലിറ്റിൽ കൈറ്റ് പരിശീലനക്ലാസുകളിൽ നിന്ന്

# ലിറ്റിൽ കൈറ്റ്സ്
# 2018-19
# സ്കൂൾ തലപ്രവർത്തനങ്ങൾ






കൈറ്റ്സ് അംഗങ്ങൾ ഏറ്റെടുത്ത് നടത്തിയ പ്രൊജക്റ്റ് -പ്ലാസ്റ്റിക് മലിനീകരണവും വിപത്തുകളും:ബോധവൽക്കരണ ക്ലാസ്സിൽ നിന്ന്

# ലിറ്റിൽ കൈറ്റ്സ്
## 2018-19
## സ്കൂൾ തലപ്രവർത്തനങ്ങൾ






പ്രളയം,അതിജീവനം-ദുരിതാശ്വാസ സമാഹരണത്തിൽ നിന്ന്

# ലിറ്റിൽ കൈറ്റ്സ്
# 2018-19
# സ്കൂൾ തലപ്രവർത്തനങ്ങൾ



കൈറ്റ്സ് അംഗങ്ങൾ നടത്തിയ ഓണക്കിറ്റ് വിതരണത്തിൽ നിന്ന്



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് വേണ്ടി നടത്തിയ സോപ്പ് നിർമ്മാണ പരിശീലനത്തിൽ നിന്ന്

# ഐ.ടി ക്വിസ്



നോയൽ സുഷാൻ

9 A

1.) എത്ര ബിറ്റ് പ്രൊസസറായിരുന്നു ഇന്റൽ 4004?

നാല് ബിറ്റ്

2.) മൊബൈൽ ഉപകരണങ്ങളിൽ ഇന്റലിനെക്കാൾ പ്രചാരമുള്ള ആർക്കിടെക്ചറാണ് ARM. എന്താണ് ARM-ന്റെ പൂർണരൂപം?

Advanced RISC Machine

3.) ലോകത്തിലെ ആദ്യ മൈക്രോപ്രൊസസർ?

Intel 4004 (1971)

4.) GPU-വിന്റെ പൂർണരൂപം?

Graphics Processing Unit

5.) എന്താണ് MMU?

Memory Management Unit

6.) SD Card-ലെ SD എന്തിനെ സൂചിപ്പിക്കുന്നു?

Secure Digital

7.) ഒന്നിലേറെ സംഭരണോപകരണങ്ങളെ (ഉദാ: വ്യത്യസ്ത ഹാർഡ് ഡിസ്കുകൾ) സമന്വയിപ്പിച്ചുപയോഗിക്കാനുള്ള സാങ്കേതികവിദ്യയാണ് RAID. എന്താണ് ഇതിന്റെ പൂർണരൂപം?

Redundant Array of Independent Disks (ആദ്യകാലത്ത് Redundant Array of Inexpensive Disks)

8.) ടാബ്‌ലെറ്റുകളെയും സ്മാർട്ട് ഫോണുകളെയും യു.എസ്.ബി. ഹോസ്റ്റുകളായി മാറാൻ സഹായിക്കുന്ന സാങ്കേതികവിദ്യ?

USB On-The-Go (OTG)

# ഐ.ടി ക്വിസ്

9.) എത്രയാണ് ഫുൾ എച്ച്.ഡി.യുടെ റസൊല്യൂഷൻ?

1920 × 1080 പിക്സലുകൾ

10.) 8 ബിറ്റ് ഡിസ്പ്ലേയ്ക്ക് എത്ര നിറങ്ങൾ പ്രദർശിപ്പിക്കാനാകും? എത്ര ബിറ്റ് ഡിസ്പ്ലേ ആണ് 'ട്രൂ കളർ' എന്നറിയപ്പെടുന്നത്?

8 ബിറ്റ് ഡിസ്പ്ലേയ്ക്ക് 256 നിറങ്ങൾ കാണിക്കാനാകും. 24 ബിറ്റ് ഡിസ്പ്ലേ ആണ് ട്രൂ കളർ. ഇന്ന് പ്രചാരത്തിലുള്ള ഇതിന് പതിനാറുദശലക്ഷത്തിലേറെ നിറങ്ങൾ കാണിക്കാൻ കഴിവുണ്ട്.

11.) HDMI-യുടെ പൂർണരൂപം?

High-Definition Multimedia Interface

12.) ബയോസിന് (BIOS) ബദലായിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയാണ് UEFI. എന്താണ് ഇതിന്റെ പൂർണരൂപം?

Unified Extensible Firmware Interface

13.) നെറ്റ്‌വർക്ക് ഇന്റർഫെയ്സുകൾക്ക് അനുവദിയ്ക്കാറുള്ള വിലാസം ഏതാണ്?

MAC (Media Access Control) Address

14.) എന്തുമായി ബന്ധപ്പെട്ട സ്പെസിഫിക്കേഷനാണ് IEEE 802.11?

വയർലെസ് ലാൻ (WLAN)

15.) SSD-യുടെ പൂർണരൂപം?

Solid State Drive

16.) മൗസിന്റെ പിതാവ്?

Douglas Engelbart

## ചിത്രരചന



ആൻമേരി സാജൻ

9 B






**പ്രസിദ്ധീകരണം:**

**സെന്റ് തോമസ് എച്ച് എസ് എസ് മണിക്കടവ്**

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**